WEDNESDAY 20/11/2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/11/2024

1. കേന്ദ്രകൃഷികർഷകക്ഷേമമന്ത്രാലയത്തിന്കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാൻ്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി 2023-24 വർഷത്തെ പ്ലാൻ്റ് ജീനോം സേവിയർ കമ്യൂണിറ്റി അവാർഡ് /ഫാർമർ റിവാർഡ് & റെക്കഗ്നീഷന് കാർഷിക സമൂഹങ്ങളിൽ നിന്നും വ്യക്തിഗത കർഷകരിൽ നിന്നും നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷകൾ ക്ഷണിച്ചു. പരമ്പരാഗത സസ്യഇനങ്ങൾ സംരക്ഷിക്കുകയും പുതിയവ ഉരുത്തിരിച്ചെടുക്കുകയും ചെയ്യുന്ന കർഷകർക്കും കർഷക സമൂഹത്തിനും നൽകുന്ന രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമാണിത്. മൂന്നു വിഭാഗങ്ങളിലാണ് അവാർഡുകൾ. പ്ലാൻ്റ് ജീനോം സേവിയർ കമ്യൂണിറ്റി അവാർഡ്: വിളകളുടെ പ്രാദേശിക ഇനങ്ങളും സാമ്പത്തികമൂല്യമുള്ള വിളകളുടെ വന്യ ഇനങ്ങൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നിർധാരണത്തിലൂടെ പുതിയവ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്ന ആദിവാസി / ഗോത്ര / കർഷക സമൂഹത്തിന് 2023-24, വർഷത്തെ പ്രവർത്തനങ്ങൾക്കാണ് അവാർഡ്. ഓരോ വർഷവും പരമാവധി 5 അവാർഡ് വീതം നൽകും. 10 ലക്ഷം രൂപയും പ്രശസ്തിപത്രവും മൊമെന്റോയുമാണ് അവാർഡ്. പ്ലാൻ്റ് ജീനോം സേവിയർ ഫാർമർ റിവാർഡ് / അംഗീകാരം. 2023-'24 വർഷത്തെ പ്രവർത്തനങ്ങൾക്ക് അപേക്ഷിക്കാം. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്കാണ് ഇതു നൽകുന്നത്. 1.5 ലക്ഷം രൂപ ക്യാഷ് അവാർഡ് പരമാവധി 10 പേർക്കും ഒരു ലക്ഷം രൂപ സമ്മാനത്തുക ഉൾപ്പെട്ട അംഗീകാരം 20 പേർക്കും നൽകും. അപേക്ഷാഫോറം www.plantauthority.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തീയതി 2025 ജനുവരി 15.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ഫാമിൽ പുൽകൃഷി ചെയ്യുന്നതിന് ജലസേചനത്തിനായി

സ്പെസിഫിക്കേഷൻ ഉള്ള 7.5 H.P മോട്ടോർ പമ്പും, അനുബന്ധസാധനങ്ങളുടെയും വില സംബന്ധിച്ച് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട് ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം കുടപ്പനക്കുന്ന്, തിരുവനന്തപുരം, എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതും ക്വട്ടേൻ കവറിനു പുറത്ത് 7.5 H.P mono block pump സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 28ന് രാവിലെ 11 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

3. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "തേനീച്ച വളർത്തൽ" എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഡിസംബർ മാസം 2 ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഡിസംബർ 1 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഡിസംബർ 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കരയിലെ ഫലവർഗ്ഗവിള ഗവേഷണ കേന്ദ്രത്തിൽ വെച്ച് **ഡ്രാഗൺ ഫ്രൂട്ടിൻറെ വിള പരിപാലനം** എന്ന വിഷയത്തിൽ നവംബർ 28, 29 തീയതികളിൽ (2 ദിവസത്തെ) പരിശീലന പരിപാടി നടത്തുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ള വ്യക്തികൾ 9605612478 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതും പരിശീലന ഫീസ് ആയ 2000/- രൂപ ക്യൂ- ആർ കോഡ് വഴി മാത്രം അടക്കേണ്ടതുമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് ഒന്നാമത്തെ ബാച്ചിൽ പരിശീലനം നൽകുക. അപേക്ഷകരുടെ എണ്ണം കൂടുതൽ ഉണ്ടെങ്കിൽ കൂടുതൽ ബാച്ചുകളാക്കി പരിശീലനം നൽകുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് കേരള കാർഷിക സർവ്വകലാശാലയുടെ പരിശീലന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഏതെങ്കിലും കാരണത്താൽ പരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ലെങ്കിൽ അവർക്ക് അടച്ച തുക തിരികെ നൽകുന്നതല്ല.

5. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 20, 21 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

6. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 നവംബർ 21, 22 തീയതികളിലായി **'സുരക്ഷിതമായ പാൽ ഉല്പാദനം'** എന്ന വിഷയത്തിൽ 2 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 നവംബർ 20-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം